സംസ്ഥാനത്തുനിന്നും തട്ടിക്കൊണ്ടുപോകപ്പെട്ടവർ

128 [85] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്തു നിന്നും എത്ര പേരെ തട്ടിക്കൊണ്ടുപോയിട്ടുണ്ട്;

(ബി) തട്ടിക്കൊണ്ടുപോയവരിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(സി) തട്ടിക്കൊണ്ടുപോയവരിൽ സ്ത്രീകൾ, കുട്ടികൾ, പുരുഷൻമാർ എന്നിവർ എത്ര വീതമാണ്; ഇവരുടെ ലിസ്റ്റ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 162 പേരെ തട്ടിക്കൊണ്ടുപോയിട്ടുണ്ട്.

(ബി) 7 പേർ

(സി) ലിസ്റ്റ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഉണ്ട്.

കാണാതായവരും അന്യസംസ്ഥാനങ്ങളിൽ വച്ച് കൊല്ലപ്പെട്ടവരും

129 [86] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ.* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തു നിന്നും എത്രപേരെ കാണാതായിട്ടുണ്ട്; ഇവരിൽ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എത്ര വീതമാണെന്ന് കണക്ക് നൽകുമോ;

(ബി) കാണാതായവരിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് പറയാമോ;

(സി) കാണാതായവരിൽ എത്ര പേർ അന്യസംസ്ഥാനങ്ങളിൽ വച്ച് മരണമടഞ്ഞിട്ടുണ്ട്;

(ഡി) കാണാതായവരിൽ എത്ര പേർ അന്യസംസ്ഥാനങ്ങളിൽ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാണാതായവർ-9124
സ്ത്രീകൾ -4115
പുരുഷൻമാർ -3676
കുട്ടികൾ -1333

(ബി) 138 പേർ

(സി) 11 പേർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒരാൾ കൊറ്റംചെയ്തുപ്പെട്ടിട്ടുണ്ട്.

(ഇ) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2005 മേയ് 31 വരെ സംസ്ഥാനത്തുനിന്നും കാണാതായിട്ടുള്ളവർ

130 [87] *ശ്രീ. സി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്തു നിന്നും എത്ര പേരെ കാണാതായിട്ടുണ്ട്;

(ബി) ഇവരിൽ സ്ത്രീകൾ, കുട്ടികൾ, പുരുഷൻമാർ എന്നിവർ എത്ര വീതമെന്നും ഇവരുടെ മിസ്സിംഗ് തിരിച്ചുള്ള കണക്കും വ്യക്തമാക്കുമോ;

(സി) കാണാതായവരിൽ എത്രപേർ പിന്നീട് മരണപ്പെട്ടിട്ടുണ്ടെന്നും ഇതിൽ കൊറ്റംചെയ്തുകൊലകൾ എത്ര എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 9124 പേർ

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) മരണപ്പെട്ടവർ-138 പേർ
കൊറ്റംചെയ്തുപ്പെട്ടവർ-11 പേർ

അജ്ഞാത മൃതദേഹങ്ങളും കൊറ്റംചെയ്തുകൊലകളും

131 [88] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര അജ്ഞാത മൃതദേഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇതിൽ കുട്ടികൾ, സ്ത്രീകൾ, പുരുഷൻമാർ എന്നിവർ എത്ര വീതം എന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) അന്വേഷണത്തെ തുടർന്ന് അജ്ഞാത മൃതദേഹങ്ങളിൽ എത്രയെണ്ണം കൊറ്റംചെയ്തുകൊലകളാണെന്ന് തെളിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1623

(ബി) കുട്ടികൾ-35, സ്ത്രീകൾ-160, പുരുഷൻമാർ-1427, അജ്ഞാതം-1

(സി) 1609

(ഡി) 31

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly